# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1294** **21.03.2013-ൽ മറുപടിക്ക്**

**കോരപ്പുഴപ്പാലം പുതുക്കിപ്പണിയുന്നതിനു നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ കോരപ്പുഴപ്പാലം പുതുക്കിപ്പണിയുന്നതിനായി 2012 ജൂലൈ മാസം 10-ാം തീയതി പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ; | (എ) | കോരപ്പുഴ പാലം നിർമ്മിക്കാനുള്ള ഫണ്ട് സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാനും അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി വരുന്ന തുക സ്റ്റേറ്റ് ഫണ്ടിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനം ഉണ്ടായി. |
| (ബി) | പാലം നിർമ്മാണത്തിനാവശ്യമായ തുക സി.ആർ.എഫ്. പദ്ധതിയിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | (ബി) | പാലം നിർമ്മാണത്തിനാവശ്യമായ തുക സി.ആർ.എഫ് പദ്ധതിയിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാലത്തിന്റെ അപ്രോച്ച് റോഡു നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുക സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | പാലം നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി 50 കോടി രൂപയുടെ പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ